അമിതമായി വൈദ്യുതി ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ

67(279) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതമായി വൈദ്യുതി ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ അവയ്ക്കാവശ്യമായ വൈദ്യുതിയുടെ പകുതി സ്വയം ഉൽപ്പാദിപ്പിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം വൈദ്യുതി സ്വയമായി ഉൽപ്പാദിപ്പിക്കാത്ത സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന വൈദ്യുതിക്ക് കൂടുതൽ ചാർജ് നൽകേണ്ടതുണ്ടോ ;

(സി) തിരുവനന്തപുരത്ത് അമിതമായി വൈദ്യുതി ഉപയോഗിക്കുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ട് ;

(ഡി) ഇവയ്ക്ക് ആവശ്യമായ വൈദ്യുതിയുടെ പകുതി അവ ഉൽപ്പാദിപ്പിക്കുന്നുണ്ടോ ;

(ഇ) ഇല്ലാത്തപക്ഷം അവ ഉപയോഗിക്കുന്ന വൈദ്യുതിക്ക് കൂടുതൽ ചാർജ് ഈടാക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) പവർ ഇന്റൻസീവ് വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതിയുടെ പകുതി സ്വയം ഉൽപ്പാദിപ്പിക്കണം എന്ന് ഉത്തരവുണ്ട്.

(ബി) ഉണ്ട്.

(സി) പവർ ഇന്റൻസീവ് വിഭാഗത്തിലുള്ള സ്ഥാപനങ്ങൾ തിരുവനന്തപുരത്തില്ല.

(ഡി-എഫ്) ബാധകമല്ല.

വാങ്ങുന്ന വൈദ്യുതിയുടെ വില

68(280) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി എവിടെനിന്നെല്ലാമാണ് വാങ്ങുന്നതെന്നും എന്തു നിരക്കിലാണ് വാങ്ങുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വാങ്ങിയ വൈദ്യുതിയുടെ വിലയായി ഓരോ സ്ഥാപനത്തിനും കൊടുത്ത തുക വർഷം തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി വാങ്ങിയ വിലയിൽ ബോർഡ് ഏതെങ്കിലും സ്ഥാപനത്തിന് കുടിശ്ശിക നൽകാനുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനത്തിന് എന്തു തുക വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി വാങ്ങുന്ന നിലയങ്ങളും നിരക്കുകളും ചുവടെ ചേർക്കുന്നു.

വൈദ്യുതി നിലയങ്ങൾ	നിരക്ക് (2000 ഒക്റ്റോബർ മാസത്തിലെ ബിൽ അനുസരിച്ച് യൂണിറ്റിന് വില)
1. എൻ.ടി.പി.സി	
1. രാമഗുണ്ടം	119 പൈസ
2. കായംകുളം	426 പൈസ
3. കിഴക്കൻ മേഖല	175 പൈസ
2. എൻ. എൽ. സി.	
1. സ്റ്റേജ് - I	108 പൈസ
2. സ്റ്റേജ് - II	159 പൈസ
3. എൻ.പി.സി	
1. കൽപാക്കം	193 പൈസ
2. കൈഗാ(കർണാടക)	
I	265 പൈസ
II	162 പൈസ
4. പശ്ചിമ മേഖല	160 പൈസ

(ബി) വിശദാംശങ്ങൾ അനുബന്ധം 1-ൽ വെച്ചിട്ടുണ്ട്. †

(സി) കായംകുളത്തുനിന്നും വൈദ്യുതി വാങ്ങിയ വകയിൽ മാർച്ച് 2001 വരെ കുടിശ്ശിക വരുമെന്നു കണക്കാക്കിയിട്ടുള്ള 170 കോടി രൂപയ്ക്ക് ബോർഡ് എൻ.ടി.പി.സി.ക്ക് ബോണ്ട് നൽകിയിട്ടുണ്ട്. ഇതു കൂടാതെ വിവിധ കേന്ദ്ര വൈദ്യുതി നിലയങ്ങൾ കുടിശ്ശിക ആയി ആവശ്യപ്പെട്ട തുകയെ സംബന്ധിച്ച് തർക്കമുള്ളതിനാൽ സി.ഇ.ആർ.സിയുടെ വിധിയുടെ അടിസ്ഥാനത്തിലേ അന്തിമമായി കണക്കാക്കാൻ കഴിയൂ.

കായംകുളം ഇലക്ട്രിക്കൽ ഡിവിഷൻ

69(281) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ സ്ഥാപിക്കുന്നതിന് എടുത്ത നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

†അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XVIII

[19-12-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 68 (280) -ന്റെ 'ബി' ഉത്തരം ദയവായി കാണുക]

വർഷം	എൻ.റ്റി.	എൻ.പി.സി.	എൻ.എൽ.സി	മഹാരാഷ്ട്ര
1996-97 (5/96-3/97)	1534835511	302399485	1254155974	-
1997-98	2874281722	402016243	1658890525	-
1998-99	3109301211	378756767	1357700430	25141630
1999-00	5487274283	441923509	1287234401	49156729
2000-01 (11/2000 വരെ)	4894823336	500162398	787449034	25087071

വർഷം	ബി.എസ്സ്ഇ.എസ്സ്	പവർഗ്രിഡ്	തമിഴ്നാട്	മദ്ധ്യപ്രദേശ്	ഒറീസ്സ
1996-97 (5/96-3/97)	-	266867808	20793282	-	-
1997-98	-	386675722	76219264	1459452	25540414
1998-99	-	530675988	18217485	2535310	40972336
1999-00	6697945	672812954	-	-	-
2000-01 (11/2000 വരെ)	127991439	506484203	-	-	-

LIBRARY ARCHIVES Kerala Legislative Assembly